# ജി.വി.എച്ച്.എസ്.എസ്.ഓമാനൂർ

ഓമാന്നൂർ പി.ഒ മലപ്പുറം



# പൂത്തുമ്പി

ഇ മാഗസിൻ

# <u>ആശംസ</u>



സ്കൂൾലിറ്റിൽകൈറ്റ്സ് ക്ളബ്ബിൻെറ ആഭിമുഖ്യത്തിൽ ഒരു ഇ മാഗസിൻപുറത്തിറക്കുന്നു എന്നറിഞ്ഞതിൽവളരെയധികംസന്തോഷിക്കുന്നു. .
കുട്ടികളുടെസർഗവാസനകൾപ്രോത്സാഹിപ്പിക്കുന്നതിനൊപ്പം ആധുനിക വിവരസാങ്കേതിക വിദ്യകളുടെ പ്രയോഗവത്ക്കരണത്തിന് കൂടി ഉപയുക്തമാവുന്ന ഈ സംരഭത്തിന് എല്ലാ വിധ ആശംസകളും അർപ്പിക്കുന്നു.അതോടൊപ്പം ഇതിനു പിറകിൽ പ്രവർത്തിച്ച അധ്യാപകരെയും വിദ്യാർത്ഥികളെയും അഭിനന്ദിക്കുന്നു.

പി.അബ്ദുറഊഫ്
പ്രധാനാധ്യാപകൻ

# <u>ആശംസ</u>



വിവര സാങ്കേതിക വിദ്യയുടെ പുത്തൻ ലോകത്ത്പറന്നുനടക്കാൻ ഓമാന്നൂർ ഗവ.ഹയർ സെക്കൻററി സ്കൂൾ ലിറ്റിൽകൈറ്റ്സ് ക്ളബ്ബ് പുറത്തിറക്കുന്ന  ഇ.മാഗസിൻ 'പൂത്തുമ്പിക്ക്' എല്ലാ വിധ ആശംസകളും നേരുന്നു.സർഗഭാവന കൊണ്ടും സാങ്കേതിക പരിജ്ഞാനം കൊണ്ടും ഈ മാഗസിൻെറഭാഗമായവിദ്യാർത്ഥികളെയുംഅധ്യാപകരെയും അഭിനന്ദിക്കുന്നു.

യു.മുഹമ്മദ് കുട്ടി

എസ്.ഐ.ടി.സി.ഓമാന്നൂർ

# എഡിറ്റോറിയൽ



ഇന്നിൻെറ വെള്ളിവെളിച്ചത്തിൽ നിന്ന്..........
മറവിയുടെ ഇരുണ്ട ഗർത്തത്തിലേക്ക് പതഞ്ഞൊഴുകുന്ന
കാലത്തിൽ
ഓർമ്മയുടെ ഒരു കൈത്തിരി നിങ്ങൾക്കായി
കൊളുത്തിവെക്കുകയാണ്......
സ്വപ്നങ്ങൾക്കും പ്രതീക്ഷകൾക്കും ഒരുപാടൊരുപാടകലെ
കടമെടുത്ത സാഹിത്യ ജാഢകളില്ലാതെ
ഈ പൂത്തുമ്പിയിതാ  നിങ്ങളിലേക്ക് പറന്നു വരുന്നു
സ്വീകരിക്കുക

ഒത്തിരി സ്നേഹത്തോടെ
വി.കൃഷ്ണാനന്ദ്
സ്ററാഫ് എഡിറ്റർ

# എഡിറ്റോറിയൽ ബോർഡ്







സ്റ്റുഡന്റ് എഡിറ്റർ

അമൃത.ഒ 9.ബി







യു.കെ.മുഹമ്മദ് കുട്ടി

(എസ്.ഐ.ടി.സി)

ശ്രാവൺ തേജ് .കെ

9.ബി









ജസീറ.കെ. 9.സി

ഷഹദ്.കെ.ടി 9.സി




അശ്വിൻ.കെ.9.സി

മഞ്ജു.ആർ.എസ്(ലിറ്റിൽകൈറ്റ് മിസ്ട്രസ്സ്)







**വര അൻവർ ജസീം.ഒ.എം 8 എ**




**വര ശ്രിജിൻ.സി 8.സി**



**വര മുഹമ്മദ് ഷാഫി.പി.കെ. 10.സി**



**വര ഷിഫാന നസ്റി.സി.8.സി**

# കവിത



തേജസ്വിനി നാഥ്
**8.സി**

# പൂമഴ



ആകാശം പൂത്തുലഞ്ഞു
പുഷ്പ്പങ്ങളാൽ നിറഞ്ഞു
സ്വപ്നങ്ങൾ നിറഞ്ഞൊഴുകി
കണ്ണുകൾ മിന്നി തുടങ്ങി
മനസ്സുകൾ കവർന്നെടുത്തു
മനസ്സുകളിൽ നിറഞ്ഞൊഴുകുന്ന പൂമഴ
മണ്ണിനെ കുളിർപ്പിച്ചു
പതിയെ താളം മാറി
താണ്ഡവ നടനംതീർക്കവെ
മനസ്സിനെ തകർത്തെറിഞ്ഞു
എന്റെ ജീവൻ നീയെടുത്തു.

കഥ

# നെയ്യപ്പം



**അമൃത.ഒ**
**9.ബി**

അമ്മ കുട്ടനതിന്നുവാൻ രണ്ടുനെയ്യപ്പം കൊടുത്തു.സ്വാദുള്ള നല്ല നെയ്യപ്പം.തനിയെ ഒരു ദിക്കിലിരുന്നു തിന്നുവാനായി അവൻ പുറത്തേക്ക് നടന്നു.

വീടിൻെറ ഉമ്മറത്ത്  കിടന്നിരുന്ന ഒരുവലിയ ഉരുണ്ട മരത്തടിയിൽ അവൻ കയറി ഇരുന്നു.ഒരുനെയ്യപ്പം സ്വാദോടെ കടിച്ചുതിന്നു തുടങ്ങി.നെയ്യിൻെറ മണം പരന്നു.അറിയാതെ തന്നെ, തിന്നുന്ന രസംകൊണ്ട് ഒരു മൂളിപ്പാട്ട് അവൻെറ വായിൽ വന്നു.

രണ്ടാമത്തെ നെയ്യപ്പം തിന്നുവാൻ തുടങ്ങുമ്പോഴാണ് അവൻ ഒരു കുട്ടിയുടെ



കരച്ചിൽ കേട്ടത്.തല ഉയർത്തി നോക്കിയപ്പോൾ ഒരു ഭിക്ഷക്കാരി ! എണ്ണതേക്കാത്തതുകൊണ്ട് ചകിരിപോലെയായ തലമുടി.പട്ടിണികാരണം എല്ലുംതോലുമായ ദേഹം.അവളുടെ ഒക്കത്ത് ഒരു കുട്ടിയുണ്ട്.കരഞ്ഞത് അവനാണ്.കുട്ടൻെറ കയ്യിലുള്ള അപ്പം നോക്കിയാണ് കരയുന്നത്.

" ക്ഷുൽകൃശന്നുണേകിയും നഗ്നനെ പുതപ്പിച്ചും" എന്ന് സന്ധ്യക്ക് വീട്ടിൽ അവർചൊല്ലാറുള്ള പദ്യത്തിൻെറ ആദ്യവരി ഉടനേ അവന് ഓർമ്മ വന്നു.അതിൻെറ അർത്ഥം അച്ഛൻ പറഞ്ഞ് കൊടുത്തിട്ടുണ്ട്.വിശക്കുന്നവന് ചോറും ഉടുക്കാത്തവന് തുണിയും കൊടുക്കുന്നവരെയാണ് ദൈവം സ്നേഹിക്കുന്നതെന്ന് .

കുട്ടൻ ഇരുന്നിടത്തുനിന്നും എഴുന്നേറ്റ് കുട്ടിയുടെ അടുത്ത് ചെന്നു.അപ്പം അവനു നീട്ടി.കുട്ടി ആർത്തിയോടെ കൈനീട്ടി.പക്ഷേ അവൻെറ അമ്മ പേടിക്കുന്ന കണ്ണുകളോടെ മകനെ വിലക്കി.അപ്പം മേടിച്ചതിന് അവളേയും കൊടുത്തതിന് കുട്ടനേയും അമ്മ ചീത്തപറയും എന്ന് അവൾ പേടിച്ചു.കുട്ടന് അത് മനസ്സിലായി.അവൻ പറഞ്ഞു, "പേടിക്കേണ്ട മേടിച്ചുതിന്നോളൂ.അമ്മ രണ്ട് അപ്പം തന്നിരുന്നു.ഒന്ന് ഞാൻ തിന്നിരിക്കുന്നു.എൻെറ വയറ് നിറഞ്ഞു.ഇതാ ഇതെടുത്തോളൂ."

കുട്ടൻ അപ്പം കുട്ടിയുടെ കയ്യിൽ തന്നെ വെച്ചുകൊടുത്തു.അവൻ കരച്ചിൽ നിർത്തി.ആർത്തിയോടെ തിന്നു തുടങ്ങി.അവൻെറ അമ്മയുടെ കണ്ണുകൾ നിറഞ്ഞു.തൻെറ മകനു തിന്നുവാൻ ഹാ,എത്രനല്ല നെയ്യപ്പം.അവൾ തൊണ്ടയിടറി പറഞ്ഞു."എൻെറ കുട്ടി ,നീ നന്നായി വരട്ടെ"

അമ്മ എന്തുപറയുമെന്നാലോചിച്ചുകൊണ്ട് കുട്ടൻ അകത്തേക്കുചെന്നു."നീ ഇത്രവേഗം രണ്ടപ്പവും തിന്നുകഴിഞ്ഞോ?" അമ്മ ചോദിച്ചു."ഇല്ലമ്മേ,ഞാൻ ഒന്നേ തിന്നുള്ളൂ.മറ്റേത്............"

"എന്താ കാക്ക കൊണ്ടുപോയോ.......?അതോ മണ്ണിൽ വീണുപോയോ......?"

"ഇല്ലില്ല .ഒരു പാവപ്പെട്ട അമ്മയും മകനും കൂടി പടിക്കൽ വന്നു.എൻെറ കയ്യിലെ അപ്പംകണ്ട് ആ കുട്ടി കരഞ്ഞു.മെലിഞ്ഞു വിളറിയ കുട്ടി.അതു ഞാൻ അവനു കൊടുത്തു.നാം സന്ധ്യക്കു ചൊല്ലാറില്ലേ,'ക്ഷുൽകൃശന്നുണേകിയും.....' എന്ന്."

അമ്മയുടെ കണ്ണുകളിൽ വെള്ളം നിറഞ്ഞു.മകനെ കെട്ടിപ്പിടിച്ച് നല്ലവളായ ആ അമ്മ പറഞ്ഞു."മകനേ നീ വലുതാകുമ്പോൾ ഈ നാട്ടിലെ പട്ടിണിക്കാരിൽ ചിലരെയെങ്കിലും സഹായിക്കുവാൻ നിനക്ക് സാധിക്കട്ടെ"

കവിത

## പറന്നകലുമ്പോൾ........



സ്വപ്നങ്ങൾക്ക് ചിറകുകൾ ഉണ്ടായിരുന്നെങ്കിൽ
അങ്ങകലെ നക്ഷത്രങ്ങൾക്കിടയിൽ ഞാൻ
കൂടുകൂട്ടിയേനെ
മോഹങ്ങളുടെ മുട്ടകൾക്ക് മേൽ അടയിരുന്ന് വിരിയുന്ന
നക്ഷത്രകുഞ്ഞുങ്ങൾക്ക് മേഘ പുതപ്പുകൾ ഉന്നി
മഞ്ഞുകണികകളുടെ തേൻ തുള്ളികൾ നാവിലിറ്റിച്ച്
മഴവില്ലിൻെറ മോഹചാരുത കാട്ടി താലോലിച്ച്
ഒരുപാടു ജന്മങ്ങൾ അങ്ങനെയങ്ങനെ......

മരുഭൂമിയുടെ ചൂടറിഞ്ഞവൻെറ ദിവാസ്വപ്നമെന്ന്
നിങ്ങൾ ഒരു പക്ഷേ പുച്ഛിച്ചേക്കാം.....
താണ്ടിയ കനൽ പാതകളിൽ
മുള്ളുകളായി ജീവരക്തമൂറ്റിയ സമതലങ്ങളിൽ
ജലപിശാചുകളെ ഒളിപ്പിച്ചുവെച്ച ജലാശയങ്ങളിൽ
വിഷപുക തീണ്ടി ചുമച്ചൊടുങ്ങിയ താഴ്വാരങ്ങളിൽ
മോഹത്തിൻെറ മരുപച്ചകാട്ടി കൊതിപ്പിച്ച്
പറന്നകന്ന പക്ഷികളുടെ തൂവൽ സ്പർശങ്ങളിൽ
മൗനത്തിൻറെ മഹാ സമാധികളിൽ
സ്വത്വം തിരഞ്ഞവൻെറ ദിവാസ്വപ്നം
പക്ഷേ.............
മൗനത്തിൻറെ മഹാമേരുകേറാൻ വിധിക്കപ്പെട്ട
ബലിമൃഗത്തിനെന്ത് സ്വപ്നങ്ങൾ......



വി.കൃഷ്ണാനന്ദ് (എച്ച്.എസ്.എ.മലയാളം)



സ്കൂൾ മുറ്റം ടൈൽ പതിച്ചപ്പോൾ



മരങ്ങൾക്ക് പേരുനൽകൽ

**കവിത**



ഷിഫാന
9.ബി

## ജീവിതം

ശാന്തിയെഴുന്ന  സന്ധ്യാനേരത്ത്
അശാന്തനായി നടക്കവേ...!
അവനുള്ളിലെ  ഹൃദയം മന്ത്രിച്ചു
ഇനി എന്തിന് ജീവിക്കണം.......?
മരണമാണതിനേക്കാൾ ഉത്തമം
ലോകമെന്നെ പുച്ഛിച്ചു തള്ളിയ-
നിമിഷത്തിൽ ഒന്നുറക്കെ കരയാനാകാതെ
നിന്നുഞാൻ
ഇനി ഈ ജീവിതം ഇവിടെ തീർത്തിടാം
ഇനി എന്താകുമെന്നറിയാതെ..........
പെട്ടൊന്നരശീരി മുഴങ്ങവേ എൻ കാതിൽ
ഞെട്ടി തിരിഞ്ഞു ഞാൻ നോക്കവേ എൻ-
മുന്നിൽ ശൂന്യമാം ഇടങ്ങളല്ലാതൊന്നുമില്ല.
"വിജയിക്കുവാനായി ജീവിക്കണം
മരണമതിനൊരു മരുന്നല്ല
ആത്മാർത്ഥതയോടെ ജീവിച്ചാൽ
കൈവിരിച്ചീടാം സുഖ ജീവിതം."



**അനുഭവം**




മുഹമ്മദ് റോഷൻ
10.ഡി

# <u>ജീവിതം ഒരു കഥ</u>



ഞാൻ നിർമൽ.ഞാൻ എൻെറ ജീവിതം പറഞ്ഞു തുടങ്ങട്ടെ.ഒന്നാം വയസ്സിൽ എൻെറ അച്ഛനും അമ്മയും വേർപ്പിരിഞ്ഞു.പിന്നെ ഞാൻ ജീവിച്ചതെല്ലാം അമ്മയുടെ കൂടെയായിരുന്നു.അമ്മ ഞാൻ മൂന്നാം ക്ളാസിൽ പഠിക്കുമ്പോൾ വേറെ കല്ല്യാണം കഴിച്ചു.ആ ദിവസങ്ങളിൽ സങ്കടമായിരുന്നു.കാലം കഴിഞ്ഞപ്പോൾ അതെല്ലാം മറന്നുതുടങ്ങി.പിന്നീട് വല്ല്യമ്മയുടെ കൂടെയായി എൻെറ ജീവിതം.അമ്മ വല്ലപ്പോഴും വരുമ്പോൾ എനിക്ക് സന്തോഷമായിരുന്നു.എന്നോട് അമ്മ പറഞ്ഞു.പുതിയ അച്ഛനെ നിൻെറ സ്വന്തം അച്ഛനായി കാണണം.ഞാൻ അങ്ങനെ കണ്ടുതുടങ്ങി.ഇങ്ങനെ പലവിധത്തിൽ സങ്കടങ്ങൾ നിറഞ്ഞ എൻെറ ജീവിതത്തിൽ സന്തോഷങ്ങൾ തന്നത് ചങ്ങാതിമാരാണ്.അവരോടൊപ്പമുള്ള നിമിഷങ്ങളിൽ ഞാനെന്റെ ദു:ഖങ്ങൾ മറക്കുന്നു.എന്റെ ആദ്യത്തെ അച്ഛനെ ഞാനിതുവരെ കണ്ടിട്ടില്ല.അവരെ ഒരിക്കൽ കാണണമെന്നത് എന്റെ വളരെ കാലത്തെ ആഗ്രഹമാണ്.

കഥ



പുനരാഖ്യാനം
മുഹമ്മദ് മുനവ്വർ
10.ഡി

# സലീനസിൻെ അഹങ്കാരം

നൂറ്റാണ്ടകൾക്കുമുമ്പ് ഇറാഖിൽ ഒരു സമ്പന്നൻ ജീവിച്ചിരുന്നു.സലീനസ് എന്നായിരുന്നു അദ്ദേഹത്തിൻെറ പേര്.ഒരുപാട് പണമുള്ള അദ്ദേഹം പണം സൂക്ഷിക്കാനായി ഒരു അലമാര നിർമ്മിച്ചിരുന്നു.എന്നിട്ട് സമ്പാദിക്കുന്ന പണമെല്ലാം അതിൽ സൂക്ഷിച്ചുവെക്കും.



കാലം കടന്നുപോയി.സലീനസ്സിന് പണത്തോടുള്ള പ്രിയം കൂടിവരാൻ തുടങ്ങി.ഒപ്പം അഹങ്കാരത്തിൻെറ ചിന്തകളും.ഇടക്കിടെ അലമാര തുറന്നിട്ട് അദ്ദേഹം പറയും.ഇതെല്ലാം നാം സമ്പാദിച്ച പണമാണ്. എനിക്ക് ആരെയും ആവശ്യമില്ല.ഇതും പറഞ്ഞ് അലമാര അടക്കും.രാത്രി കിടക്കുമ്പോൾ വരെ ചിന്ത പണത്തെകുറിച്ചായിരുന്നു.എന്നെക്കാൾ പണമുള്ള മറ്റൊരാൾ ഈ നാട്ടിൽ ഉണ്ടാവുകില്ല എന്ന് എനിക്ക് ഉറപ്പാണ്.ഇതുപോലുള്ള ധാരാളം അഹങ്കാര ചിന്തകൾ............ഒരു ദിവസം രാത്രി പണത്തെകുറിച്ച് ചിന്തിച്ച് ചിന്തിച്ച്

അദ്ദേഹംഉറങ്ങി..ഉറക്കത്തിൽഅദ്ദേഹംഒരുസ്വപ്നംകണ്ടു.

അത്ഇപ്രകാരമായിരുന്നു.ഒരുവെള്ള വസ്ത്രം ധരിച്ച മനുഷ്യൻ അദ്ദേഹത്തോട് പറയുന്നു.സലീനസ് നിൻെറ മനസ്സിൽ പണത്തെകുറിച്ച് അഹങ്കാരത്തിൻെറ ചിന്തകളാണ്.പണം നിനക്ക് ദൈവം തന്നതാണ്.അതുകൊണ്ട് ആ ചിന്തകൾ നീ മാറ്റണം.ഇതും പറഞ്ഞ് അദ്ദേഹം പോയി.സലീനസ്സ് ഉണർന്നു.അദ്ദേഹം പതുക്കെ പറഞ്ഞു.ഹും അതൊരു സ്വപ്നമല്ലേ.അദ്ദേഹം ആ സ്വപ്നത്തെ ഗൗരവത്തിലെടുക്കാതെ തള്ളിപ്പറഞ്ഞു.എന്നാൽ ആ സ്വപ്നം മൂന്ന് രാത്രികളിലായി തുടർന്നു.അതിനെയെല്ലാം അദ്ദേഹം അദ്ദേഹം തള്ളി പ്പറഞ്ഞു.




ഒരു ദിവസം അദ്ദേഹത്തിന് ചെറിയ ഒരു തലവേദന.രോഗം സുഖപ്പെടുമെന്ന് കരുതി അദ്ദേഹം ആശുപത്രിയിലേക്ക് പോയില്ല.എന്നാൽ തലവേദന ശക്തമാവുകയാണ് ചെയ്തത്.വേദന സഹിക്കാൻ വയ്യാതായപ്പോൾ അദ്ദേഹം ചില ചികിത്സകൾ തേടി.പക്ഷേ രോഗ ശമനം ലഭിച്ചില്ല.രോഗം ചികിത്സിച്ച് അദ്ദേഹത്തിൻെറ പണമെല്ലാം തീരാൻ തുടങ്ങി.വേദനകാരണത്താൽ രാത്രി ഉറങ്ങാൻ കഴിഞ്ഞില്ല.എന്നാൽ ഭാഗ്യവശാൽ ഒരു രാത്രി വേദനക്കിത്തിരി ആശ്വാസം ലഭിച്ചു.അന്നദ്ദേഹം സുഖമായി ഉറങ്ങി.ഉ 15 റക്കത്തിൽ മുമ്പ് സ്വപ്നത്തിൽ വന്ന വൃദ്ധനെ അദ്ദേഹം കണ്ടു.അദ്ദേഹം സലീനസ്സിനോട് പറഞ്ഞു.സലീനസ് മുമ്പ് ഞാൻ നിന്നോട് സ്വപ്നത്തിൽ ഒരുകാര്യം പറഞ്ഞിരുന്നു.പക്ഷേ നീയതിനെ ഗൗരവത്തിലെടുക്കാതെ തള്ളി പറഞ്ഞു.ഇപ്പോൾ നിനക്കിതാ രോഗം പിടിപെട്ടിരിക്കുന്നു.നിൻെറ പണമെല്ലാം തീരാൻ തുടങ്ങി.ഇനി വേദന സഹിക്കുകക തന്നെ......ഇത്രയും പറഞ്ഞ് അദ്ദേഹം പോയി.സലീനസ് ഞെട്ടിയുണർന്നു.താൻ മുമ്പ് കണ്ട സ്വപ്നം ശരിയായിരുന്നു എന്നും അത് ഗൗരവത്തിൽ എടുക്കാമായിരുന്നു എന്നും അദ്ദേഹത്തിന് അപ്പോൾ ബോധ്യമായി.ചെറിയ ഒരു ശമനം ലഭിച്ചിരുന്ന വേദന വീണ്ടും ശക്തമാവുകയും മിനുട്ടുകൾക്കകം അദ്ദേഹം മരണപ്പെടുകയും ചെയ്തു.



ഷിഫാന നസ്റി.8.സി



മുഹമ്മദ് ഷാഫി 10.സി

**കവിത**



ഷിഫാന

9.ബി

## വർഗീയത




കാണുന്നിടത്തെല്ലാം രക്തതുള്ളികൾ
നോക്കുന്നിടത്തെല്ലാം രക്തകാക്കകൾ
മനുഷ്യൻെറ വർഗീയ ഭ്രാന്തിൻമേൽ
മൃതദേഹമെല്ലാം കുന്നുകൂടി......
ജനനമരണത്തിൻെറ ഇടയിലെല്ലാം
നരഭോജികളായി



നിങ്ങൾമാറുകയാണോ......?
ഇനിയെങ്കിലുമൊന്നവസാനിപ്പിക്കണം
നിങ്ങളുടെ ഈ വർഗ്ഗീയ ഭ്രാന്ത്

കവിത



ഫർഹാന നസ്റിൻ യു.കെ
8.ഡി

# കരിഞ്ഞുപോയ സ്നേഹം


ഒരു കുഞ്ഞു പൂവിനെ
ഇളം തെന്നൽ തഴുകുന്ന
പോലെയാണമ്മതൻ സ്നേഹം
മാനത്തിരുന്നു ചിരിക്കും
സൂര്യനെ പോലെയാണ-
മ്മതൻ സ്നേഹം
മുല്ലപ്പൂമൊട്ടിനെ
നുകരുവാനെത്തുന്ന ശലഭത്തെ
പോലെയാണമ്മതൻ ചുംബനം
സ്നേഹാലയം തേടി അലയുന്ന കുഞ്ഞ്
പാവമാം ശിശുവിൻെറ സ്നേഹം
നാശം വമിക്കുന്ന സ്നേഹാലയത്തിൽ
കാണതില്ല കുഞ്ഞേ ആ സ്നേഹം.
ഗർഭസ്ഥ ശിശുവിനെ
നവജാത ശിശുവിനെ
എറിയുന്നു അമ്മത്തൊട്ടിലിൽ
ഒരുകുഞ്ഞു പൂവിനെ
തഴുകി തലോടാൻ
വീശില്ല  ഇനി ആ ഇളംകാറ്റ്





പ്രസി.കെ-8.സി

## ഗാന്ധിജിയുടെ ചിന്തകൾ



നമ്മുടെ രാഷ്ട്രപിതാവ് പ്രകൃതിയെനന്നായി ഇഷ്ടപ്പെട്ടിരുന്നു.പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം അദ്ദേഹം വളരെ ആഴത്തിൽ തിരിച്ചറിഞ്ഞിരുന്നു.

- നമ്മുടെ പൂർവ്വികരിൽ നിന്നും കൈമാറി വന്നവയല്ല മണ്ണ് ,ഭൂമി ജലം എന്നി.മറിച്ച് വരും തലമുറയിൽ നിന്ന് കടമെടുത്തതാണ്.അവർക്ക് അത് ഇന്ന് കാണുന്ന അവസ്ഥയിലെങ്കിലും കൈമാറേണ്ടതുണ്ട്.
- ഭൂമിയിലെ എല്ലാ ജീവജാലങ്ങളും പരസ്പരം ബന്ധപ്പെട്ട് കഴിയുന്നു.അവർ തമ്മിൽ നല്ല സഹകരണം ഉണ്ട്.മനുഷ്യൻ മറ്റു സഹജീവികളെ സംരക്ഷിക്കുകയും ബഹുമാനിക്കുകയും വേണം.
- എല്ലാവർക്കും വേണ്ടത് ഭൂമിയിലുണ്ട്.എന്നാൽ ആരുടെയും ആർത്തിക്കുവേണ്ടത് ഇല്ല.

സ്വന്തം ജീവിതരീതിയിലൂടെ പ്രകൃതി സംരക്ഷണ സന്ദേശം പ്രാവർത്തികമാക്കി കാണിച്ചുതന്ന മഹാനാണ് ഗാന്ധിജി.



**കവിത**

സാന്ദ്രമോൾ 8.സി

# <u>മഴയിലെ സംഗീതം</u>

ആകാശത്തിൽ നിന്നുതിരുന്ന
സംഗീതമഴ
അതിൽനിന്നുയരുന്ന
വാദ്യമായ് ഇടിമദ്ദളം
മിന്നിതിളങ്ങി ചിരിതൂകി നിൽക്കും
വെളിച്ചമാണ് മിന്നൽ
നിറഞ്ഞ് കവിഞ്ഞ് ഒഴുകുന്ന പുഴയുടെ
താളത്തിനുമുണ്ടൊരു സംഗീതം
തഴുകിവീശുന്ന കാറ്റിനുമുണ്ടൊരു
പുല്ലാങ്കുഴൽ ഈണം
സംഗീതമാധുര്യം നണയുമ്പോൾ





മിഴിയിലെ പൂമഴ
മായാതെ നിൽക്കുന്നു.
മഴവന്നു തഴുകുമ്പോൾ
അറിയുന്നു ഞാനാസ്നേഹതീരത്തെ
ചിന്നിമിന്നി പെയ്യുന്ന മഴയിൽ
കാറ്റിൻെറ നറുമണം പുഴപോൽ
ഒഴുകുന്നു.

# അനുഭവം



ജാസ്മിൻ.കെ
10.ഡി

## _വീണ്ടും തളിർക്കുന്ന ജീവിതം

ഞാനറിയുന്ന നൂർജഹാൻെറ ജീവിതത്തെ കുറിച്ചാണ് ഞാനിവിടെ വിശദീകരിക്കുന്നത്.തീർച്ചയായിട്ടും അവളുടെ എല്ലാ കാര്യങ്ങളും ഞാൻ ഇതിൽ വിവരിക്കും.അവൾ മൂന്നാംക്ളാസിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ അവളുടെ ഉമ്മ മരിച്ചു.പിന്നെ അവർ വളരെ കഷ്ടപ്പാടിലാണ് ജീവിച്ചത്.ഭക്ഷണവും ആവശ്യത്തിന് വസ്ത്രവും ഇല്ലാതെ അവർ നാലുപേരും ഉപ്പയോടൊപ്പം കഴിഞ്ഞു.മൂന്നുകൊല്ലം കഴിഞ്ഞപ്പോൾ മറ്റൊരു പെണ്ണിനെ അവളുടെ ഉപ്പ കെട്ടി.ആ പുതിയ ഉമ്മയുടെ സ്വർണംബാങ്കിൽകൊണ്ടുപോയി പണയപ്പെടുത്തി അവർ ജീവിച്ചു.ഉപ്പയുടെ കയ്യിൽ





പൈസ ഉണ്ടാകുമ്പോൾ ആ സ്വർണം ഓരോരോന്നോരോന്നായി

എടുത്തുകൊടുത്തു.അങ്ങനെ അവളുടെ വലിയ താത്തയുടെ വിവാഹം കഴിഞ്ഞു.അതോടെ അവർ വീണ്ടും കടത്തിലായി.ഇപ്പോഴും ആ കടം തീർന്നീട്ടില്ല.അവളുടെ  ഉമ്മ മരിച്ചീട്ട് ഇപ്പോൾ എട്ട് കൊല്ലം ആയി.ഇപ്പോൾ അവളുടെ  ഉപ്പാക്കും കാക്കാക്കും ജോലി ഉണ്ട്.അതുകൊണ്ട് അവർ ഒരു വിധം ജീവിച്ചുപോകുന്നു.പല ചെലവുകൾക്ക് കൊടുക്കാൻ പലപ്പോഴും പലിശക്കു പണം എടുക്കേണ്ടി വരുന്നു.അവളുടെ ജീവിതം കണ്ട് അവളുടെ സ്കൂളിലെ കുറേ അധ്യാപകർ പണം നൽകാറുണ്ട്.അവൾക്ക് എന്ത് പ്രശ്നം വന്നാലും അവർ അത് പരിഹരിച്ചു കൊടുക്കാറുണ്ട്.

**കവിത**




ദിൽഷാദാ ബാനു

8.എ

## <u>ഒരുവട്ടംകൂടി</u>


ഒരു വട്ടം കൂടി
അമ്മ തൻ ആർദ്രമാം ഇടനെഞ്ചിൽ
ഒന്നു ചാഞ്ഞെങ്കിൽ
ഞാനൊരു പൈതലായ് മാറിയേനെ
എന്നാൽ ഞാൻ എന്നെതന്നെ മറന്നേനേ
ഒരുപാടുനാളായമ്മടിത്തട്ടിൽ ഞാനേറെ



കുറുമ്പോടൊന്നു മയങ്ങിയീട്ട്..
പൊട്ടിതെറിച്ച വികൃതികൾ കാട്ടീട്ട്
എൻ നിറയും കവിൾതടങ്ങളിലൊന്നു തൊട്ടു തഴകാ-
നാ വാർദ്ധക്യം പൂണ്ട കരങ്ങൾ ഒന്നു വന്നിരുന്നേൽ
ഇന്നെൻ മനസ്സിൻ വേദനയെ ശമിപ്പിക്കാൻ
ഏതൊരു മരുന്നിനെക്കാൾ അർത്ഥമുണ്ടായിരുന്നാ
തലോടൽ
മറക്കുവാൻ ശ്രമിച്ചെങ്കിലും വിടാതെയെൻ
മനസിൻെറ വേദനയാകുന്ന അമ്മ
നിൻെറ ഓർമ്മകൾ
രോഗ ശയ്യയിൽ ഞാൻ കിടക്കുമ്പോഴെൻ
ഹൃദയം വല്ലാതെ ദാഹിക്കുന്ന നിൻ വാത്സല്ല്യത്തിനായി.
ഇനിയെത്ര ജൻമെനിക്കായ് തരുമെങ്കിലും
അമ്മയില്ലാത്തൊരാ ലോകമെനിക്കുവേണ്ട.
ഒരു മറവിക്കും മറക്കാനാവതില്ലാ-
ത്തൊരാത്മബന്ധം അമ്മയും=ഞാനും.




**വരച്ചത് ശ്രീജിൻ.സി.8.സി**



**വരച്ചത് നിതുദാസ്.8.സി**



ജില്ലാ പഞ്ചായത്ത്  സ്കൂളിൽ നടപ്പാക്കിയ വിവിധ പദ്ധതികളുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് മെമ്പർ  പി.വി.മനാഫ് ഉദ്ഘാടനം ചെയ്യുന്നു



ഉദ്ഘാടന സദസ്സ്



വിജയഭേരി ക്യാമ്പുകൾ സക്രിയമായപ്പോൾ





വരച്ചത്     തേജസ്വിനി നാഥ്



പ്രകൃതിയുടെ ലോലഭാവങ്ങൾ



സ്കൂൾ ശുചീകരണം ജൂൺ 5



ഗൃഹ സന്ദർശനം



അധ്യാപക ദിനത്തിൽ വിദ്യാർത്ഥികൾ അധ്യാപകരായപ്പോൾ




സ്കൂൾ പാർലമെന്റ് തെരെഞ്ഞടുപ്പ്



നവീകരിച്ച ലൈബ്രറി ഉദ്ഘാടനം പ്രധാനാധ്യാപകൻപി.അബ്ദുറഊഫ്



ശ്രദ്ധ വിജയത്തിലേക്ക് ...........

## പിൻമൊഴി......

നൂറു വസന്തങ്ങൾ വിരിയിക്കാനാണ് കൊതിച്ചത്.......

വർഷവും,ഗ്രീഷ്മവും,ഹേമന്തവും,ശിശിരവും കടന്നുപോയപ്പോൾ

അവശേഷിച്ചത് വേരു മുളച്ച ഭിക്ഷാ പാത്രവും,മുണ്ഡനം ചെയ്ത തലയോട്ടും

ചോരയുണങ്ങാത്ത പെരുവിരലും മാത്രമായിരുന്നു.......

ഇരുൾ വന്ന് കാഴ്ചയെ മൂടുന്നതിന് മുമ്പ് ........

ഇത്തിരി മാത്രം...........

ഇത്തിരി.............................

പൂത്തുമ്പിക്ക് ചിറകുകൾ നൽകിയ

എല്ലാവർക്കും ഒരുപാട് നന്ദി.........



മാഗസിൻ കമ്മിറ്റി